# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2989** — **22.6.2012-ൽ മറുപടിയ്ക്ക്**

**അടയ്ക്കാ, കശുവണ്ടി പ്രോസസിംഗ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് നടപടി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. രാജു എബ്രഹാം | ശ്രീ . കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) കാസറഗോഡ് അടയ്ക്കാ, കശുവണ്ടി പ്രോസസിംഗ് യൂണിറ്റുകൾ ആരംഭിക്കുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം നടപ്പാക്കിയോ; | (എ) 2011-12 - ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്ന പദ്ധതി നടപ്പിലാക്കിയിട്ടില്ല. എന്നാൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിലുള്ള കാസർഗോഡ് എസ്റ്റേറ്റിൽ കശുവണ്ടി പ്രോസസിംഗ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുള്ളതാകുന്നു. |
| (ബി) ഇതിന്റെ നടപടിക്രമം ഏത് ഘട്ടം വരെ എത്തി നിൽക്കുന്നു എന്ന് വ്യക്തമാക്കാമോ? | (ബി) പ്രസ്തുത യൂണിറ്റ് തുടങ്ങുന്നതിനുള്ള പ്രൊപ്പോസൽ ഗവൺമെന്റിന്റെ പരിഗണനയിലാണ്.<br>2012-13 വർഷത്തിലെ ബഡ്ജറ്റിൽ മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനും വിപണനം ചെയ്യുന്നതിനും ഇതു സംബന്ധിച്ച അവബോധം സംരംഭകരിൽ ഉണ്ടാക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും മറ്റുമായി 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അടയ്ക്ക, കശുവണ്ടി മേഖലയിൽ പ്രോസ്സസിംഗ് യൂണിറ്റുകളുടെ നിർമ്മാണത്തിനായുള്ള സംരംഭകർ മുന്നോട്ടു വരികയാണെങ്കിൽ അവർക്ക്വേണ്ട പ്രോത്സാഹനവും സാമ്പത്തിക സഹായവും ബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്ന തുകയിൽ നിന്നും സർക്കാർ അനുമതിയോടെ നൽകാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**